# യോഹന്നാന്റെ ജീവപഠനം

## ദൂത് മൂന്ന്

## ജീവനും കെട്ടുപണിക്കും ഉള്ള ഒരു അവതാരിക

## (2)

ദൈവത്തിന്റെ വികാസത്തിനും സംഘാതമായ ആവിഷ്കാരത്തിനുമായി, അനേക മക്കളെ ഉളവാക്കുന്നതിന് വചനമായ ക്രിസ്തു ജീവനും വെളിച്ചവുമായി വന്നു എന്ന് നാം കഴിഞ്ഞ ദൂതിൽ കണ്ടു. യോഹന്നാൻ 1:1-13-ൽ ഇത് വെളിപ്പെടുത്തിയിരിക്കുന്നു. നമുക്ക് ഈ കാര്യം നമ്മുടെ ഉള്ളിൽ ആഴത്തിൽ സൂക്ഷിക്കാം.

ഈ ദൂതിൽ യോഹന്നാൻ 1-ന്റെ 14 മുതൽ 18 വരെയുള്ള വാക്യങ്ങൾ അടങ്ങിയ രണ്ടാം ഭാഗത്തേക്ക് നാം വരുന്നു. ദൈവത്തിന്റെ വികാസത്തിനും ആവിഷ്കാരത്തിനുമായി അനേക മക്കളെ ഉളവാക്കുവാൻ ജീവനും വെളിച്ചവുമായി വന്ന വചനമായിരുന്ന ക്രിസ്തു തന്നെ നമ്മുടെ ആസ്വാദനത്തിനായി ജഡാവതാരം ചെയ്തു എന്ന് ഈ ഭാഗം നമ്മെ കാണിക്കുന്നു. ക്രിസ്തു ദൈവമക്കളെ ഉളവാക്കുവാൻ വന്നു എന്ന് യോഹന്നാൻ 1:1-13 നമ്മോടു പറയുന്നു; 14-18 വാക്യങ്ങൾ എല്ലാ ദൈവമക്കൾക്കും ക്രിസ്തുവിന്റെ ആസ്വാദനം ആവശ്യമാണെന്ന് സൂചിപ്പിക്കുന്നു.

എങ്ങനെ നമുക്ക് ക്രിസ്തുവിനെ ആസ്വദിക്കാം? അവന്റെ ജഡാവതാരത്താൽ. ജഡാവതാരം ചെയ്യുക എന്നാൽ ശരീരമാകുക എന്നാണ് അർത്ഥം. ജഡാവതാരത്തിനു മുമ്പ് വചനം എന്ന നിലയിൽ ക്രിസ്തു മാർമ്മികനായിരുന്നു. എന്നാൽ ജഡാവതാരം ചെയ്തപ്പോൾ അവൻ നമുക്ക് വളരെ യാഥാർത്ഥ്യവാനായിത്തീർന്നു. തന്റെ ജഡാവതാരത്തിനു മുമ്പ് അവൻ അഗോചരനും അദൃശ്യനും അസ്പർശ്യനുമായിരുന്നു. ജഡമായിത്തീർന്നതിനാൽ അവൻ സുദൃഢനും യാഥാർത്ഥ്യവാനും ദൃശ്യനും സ്പർശ്യനും ആയിത്തീർന്നു.

"വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ കൂടാരമടിച്ചു,"എന്ന് 14-ാം വാക്യം പറയുന്നു. അത് സുദൃഢമായ ഒന്നായിരുന്നു. മനുഷ്യരുടെ ഇടയിൽ കൂടാരമടിക്കുവാൻ ജഡമായപ്പോൾ, അവൻ സ്പർശ്യനായിത്തീർന്നു. ആളുകൾക്ക് അവനെ കാണുവാൻ മാത്രമല്ല, അവനെ സ്പർശിക്കുവാനും കഴിഞ്ഞു. അതുകൊണ്ട്,"ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു"(വാ.14) എന്ന് യോഹന്നാൻ പറഞ്ഞു. അവർ അവനെ തൊട്ടുവെന്ന് യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിൽ നമ്മോട് പറയുന്നു(1 യോഹ.1:1). അങ്ങനെ അവന്റെ ജഡാവതാരത്തിൽ ക്രിസ്തു സ്പർശ്യനായിത്തീർന്നു.

അവന്റെ ജഡാവതാരം വഴി അവൻ സ്പൃശ്യനായെങ്കിലും, അവനെ ആസ്വദിക്കുവാൻ കഴിയുന്നതിന് നമുക്ക് ചിലതുകൂടി ആവശ്യമായിരുന്നു. അതുകൊണ്ട്, അവൻ"കൃപയും സത്യവും നിറഞ്ഞവനായിരുന്നു"എന്ന് 1:14 പറയുന്നു. അവൻ ഉപദേശങ്ങളും വരങ്ങളും നിറഞ്ഞവനായിരുന്നു എന്നു ഇവിടെ പറയുന്നില്ല. അവൻ ദൃശ്യനും സ്പർശ്യനുമായപ്പോൾ അവൻ കൃപയും സത്യവും നിറഞ്ഞവനായിരുന്നു. ക്രിസ്തു ശിഷ്യന്മാരോടൊപ്പം ജഡത്തിൽ ആയിരുന്നപ്പോൾ, അവർ അവനെ കാണുകയും തൊടുകയും മാത്രമല്ല, അവർ അവനെ ആസ്വദിക്കുകയും ചെയ്തു. എന്തുകൊണ്ടാണവർ അവനെ ഇത്ര മാത്രം സ്നേഹിച്ചതെന്നും, അവന്റെ സാന്നിദ്ധ്യത്തിലായിരിക്കുവാൻ ഇഷ്ടപ്പെട്ടതെന്നും പത്രൊസിനോടും മറിയയോടും നിങ്ങൾക്ക് ചോദിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ അവർ ഇങ്ങനെ പറയുമായിരുന്നു,"ഞങ്ങൾക്ക് കേവലം വാക്കുകളിൽ പറയുവാനാവില്ല. ഞങ്ങൾ അവനോടൊത്ത് ആയിരുന്നപ്പോഴെല്ലാം, ഞങ്ങൾക്ക് ഒരു പ്രത്യേക ആസ്വാദനമുണ്ടായിരുന്നു. വാക്കുകൾക്കിത് ഒരിക്കലും വിവരിക്കാനാവില്ല. പക്ഷേ അവന്റെ സന്നിധിയിൽ ഇരിക്കുന്നത് എത്രയോ മധുരമായിരുന്നു എന്ന് ഞങ്ങൾക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. അത്തരം ആസ്വാദനവും യാഥാർത്ഥ്യവും ഉണ്ടായിരുന്നു. അത് വിശദീകരിക്കുവാനോ നിർവചിക്കുവാനോ ഞങ്ങൾക്കറിഞ്ഞുകൂടാ, എന്നാൽ ഞങ്ങൾ അത് ആസ്വദിക്കുന്നു എന്ന് തീർച്ചയായും ഞങ്ങൾക്കറിയാം." അവരെന്ത് ആസ്വദിച്ചു? അത് കൃപയും സത്യവും നിറഞ്ഞ ജഡത്തിൽ വന്ന വചനമായിരുന്നു.

## II. ദൈവത്തെ പ്രസ്താവിക്കുവാൻ വചനം ജഡാവതാരം ചെയ്തു

### A. ജഡമായിത്തീരൽ

നമ്മുടെ ആസ്വാദനത്തിനുവേണ്ടി വചനം ജഡമായിത്തീർന്നു എന്ന് ഞങ്ങൾ അല്പം മുമ്പ് പറഞ്ഞു. അവൻ ജഡാവതാരം ചെയ്തത്

ദൈവത്തെ പ്രസ്താവിക്കുവാനാണെന്ന് നാം ഇനി കാണണം(വാ.18). "ദൈവം ജഡത്തിൽ വെളിപ്പെട്ടു"(1 തിമൊ.3:16). അവൻ എങ്ങനെ ദൈവത്തെ പ്രസ്താവിച്ചു? നമ്മുടെ ആസ്വാദനത്തിനായി തന്നെ ത്താൻ നൽകികൊണ്ട് അവൻ ദൈവത്തെ ജഡത്തിൽ വെളിപ്പെടുത്തി. ആദ്യകാല ശിഷ്യന്മാരോട് അവൻ ഇങ്ങനെ പറഞ്ഞില്ല: "എന്റെ കുഞ്ഞുങ്ങളേ, ഞാൻ ദൈവപുത്രനാണെന്നും ഞാൻ ജഡത്തിൽ വന്നത് നിങ്ങൾക്ക് ദൈവത്തെ പ്രസ്താവിക്കുവാനാണെന്നും നിങ്ങളറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളെല്ലാം ദൈവത്തെ അറിയണം. എന്റെ മുഖത്തേക്കു നോക്കൂ. ഞാൻ ആരാണെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ എന്നെ അറിയുമ്പോൾ നിങ്ങൾ പിതാവായ ദൈവത്തെ അറിയും."അവൻ ദൈവത്തെ ഇപ്രകാരം വെളിപ്പെടുത്തിയിരുന്നുവെങ്കിൽ അവന്റെ ശിഷ്യന്മാരെല്ലാം അവനിൽനിന്ന് പിൻമാറി പോകുമായിരുന്നു."ഞാൻ ഗലീലയിൽ മീൻപിടക്കുവാൻ തിരികെ പോകുന്നു"എന്ന് പത്രൊസ് പറയുമായിരുന്നു. "കർത്താവേ, ഞാൻ വീട്ടിൽ പോയി എന്റെ കാര്യങ്ങൾ ശരിയാക്കട്ടെ"എന്ന് മാർത്ത പറയുമായിരുന്നു. അല്ല, ക്രിസ്തു ജഡത്തിൽ വന്നത് ഉപദേശമാർഗ്ഗത്തിലൂടെ ദൈവത്തെ വെളിപ്പെടുത്തുവാനല്ല, പിന്നെയോ കൃപയും സത്യവും നിറഞ്ഞ ഒരു മാർഗ്ഗത്തിലൂടെ ആയിരുന്നു. അവൻ ഇങ്ങനെ പറഞ്ഞില്ല,"കുഞ്ഞുങ്ങളേ, നിങ്ങൾ എന്നിൽ ദൈവത്തെ അന്വേഷിക്കണം. ദൈവത്തെ വെളിപ്പെടുത്തുവാനാണ് ഞാനിവിടെ ആയിരിക്കുന്നതെന്ന പാഠം പഠിക്കുവിൻ." കൃപയും സത്യവുമായി തന്നെത്താൻ നൽകിക്കൊണ്ട് ആസ്വാദനത്തിന്റെ വഴിയിലൂടെ അവൻ ദൈവത്തെ വെളിപ്പെടുത്തി. അങ്ങനെ,"ഞാൻ ഒരിക്കലും മീൻ പിടിക്കുവാൻ മടങ്ങിപ്പോകുകയില്ല. ഞാനെന്നും ഈ മനുഷ്യനോടൊപ്പം ആയിരിക്കും. അവനാരാണന്നും, അവൻ ദൈവപുത്രനോ പിതാവോ വചനമോ സ്രഷ്ടാവോ ആണോ എന്നൊന്നും എനിക്ക് അറിയില്ലെങ്കിലും അവനോടൊപ്പം ആയിരിക്കുന്നത് മധുരകരമാണെന്ന് എനിക്കറിയാം,"എന്ന് പത്രൊസിന് പറയുവാൻ കഴിയുമായിരുന്നു. ഈ രീതിയിലായിരുന്നു ജഡത്തിലുള്ള ദൈവപുത്രനായ യേശു, ദൈവത്തെ വെളിപ്പെടുത്തിയത്. അവൻ തന്റെ ശിഷ്യന്മാർക്ക് ദൈവത്തെ വെളിപ്പെടുത്തിയത് അവരെ പഠിപ്പിച്ചുകൊണ്ടായിരുന്നില്ല, മറിച്ച് മധുരമായ ഒരാസ്വാദനം അവർക്ക് നൽകിക്കൊണ്ടായിരുന്നു. ജനത്തെ നോക്കുന്നതിനാൽ മാത്രം അവന് അവരെ കീഴ്പ്പെടുത്തുവാൻ കഴിഞ്ഞു. അവന്റെ സാന്നിദ്ധ്യം എത്രയോ ആസ്വാദ്യമായിരുന്നു! അവന്റെ സാന്നിദ്ധ്യം വളരെ ആകർഷണീയമായിരുന്നു. അനേകം ആദ്യകാല ശിഷ്യന്മാർ അവനാൽ ആകർഷിക്കപ്പെട്ടു. അവന്റെ ആകർഷണീയ സാന്നിദ്ധ്യത്തിന് കീഴ്പ്പെടാതിരിക്കുവാൻ ആർക്കും കഴിഞ്ഞില്ല എന്ന് തോന്നുമായിരുന്നു. അതായിരുന്നു അവൻ ദൈവത്തെ പ്രസ്താവിച്ചതായ രീതി.

ദൈവം, പഠിപ്പിക്കലിന്റെയോ ഉപദേശത്തിന്റെയോ ചട്ടങ്ങളുടെയോ നിയമങ്ങളുടെയോ അല്ലെങ്കിൽ വരങ്ങളുടെയോ ദൈവമല്ല. ദൈവം ആസ്വാദനത്തിന്റെ ദൈവമാണ്. ദൈവം നമുക്ക് കൃപയും സത്യവുമാണ്. ദൈവം നമ്മുടെ പൂർണ്ണ ആസ്വാദനവും യേശു ദൈവപുത്രനെന്ന നിലയിൽ ദൈവത്തിന്റെ എല്ലാ ആസ്വാദനത്തിന്റെയും ദേഹരൂപം തന്നെയുമാണ്. അവൻ നിങ്ങളോടൊപ്പം വസിക്കുമ്പോൾ നിങ്ങൾ അവനെ ആസ്വദിക്കുന്നു. മാധുര്യവാനും പ്രിയനും വിലയേറിയവനുമായ ഒരുവനായി നിങ്ങൾ ദൈവത്തെ രുചിച്ചറിയുന്നു. തൽഫലമായി അവന്റെ യാഥാർത്ഥ്യം നിങ്ങൾ നേടുന്നു. ഇത് വിശദീകരിക്കുവാൻ നമുക്ക് മനുഷ്യവാക്കുകൾ ഇല്ല. ഇത് വർണ്ണിക്കുവാൻ നമുക്ക് ഭാഷണത്തിന്റെ കുറവുണ്ടെങ്കിലും, നമുക്കിന്ന് ഇതാസ്വദിക്കാം. കുറച്ചു സമയം കർത്താവിനോടൊത്ത് ആയിരുന്ന് അവനെ വിളിച്ചപേക്ഷിച്ചുകൊണ്ട്,“കർത്താവായ യേശുവേ, ഞാനങ്ങയെ സ്നേഹിക്കുന്നു” എന്നു പറയുമ്പോൾ നാം മാധുര്യവും ആസ്വാദനവും സ്വസ്ഥതയും വിശ്രാന്തിയും ബലവും സംവേദിക്കുന്നു. അതുമാത്രമല്ല, നമുക്ക് അവന്റെ യാഥാർത്ഥ്യവും ഉണ്ട്.“ഏതു തരത്തിലുള്ള യാഥാർത്ഥ്യമാണ് നിങ്ങൾക്കുള്ളത്?”എന്ന് ആളുകൾ നിങ്ങളോട് ചോദിച്ചേക്കാം. എനിക്കത് എങ്ങനെ വിവരിക്കണമെന്ന് അറിയില്ലെങ്കിലും, എനിക്ക് യാഥാർത്ഥ്യമുണ്ട്. കർത്താവിന്റെ സന്നിധിയിൽ സമയം ചിലവഴിക്കുന്നതിന് മുമ്പ് എനിക്ക് ശൂന്യത അനുഭവപ്പെട്ടു. എന്നാൽ ഇപ്പോൾ എനിക്ക് നിറവുണ്ട്. എനിക്ക് യാഥാർത്ഥ്യമുണ്ട്. ഞാൻ സംതൃപ്തനും വക്കോളം നിറഞ്ഞവനുമാണ്.

നമ്മുടെ ആസ്വാദനത്തിനുവേണ്ടി ജഡമായിത്തീർന്ന് ദൈവത്തെ പ്രസ്താവിക്കുവാനായി വചനം ജഡാവതാരം ചെയ്തു. ദൈവപുത്രൻ, ദൈവത്തെ മനുഷ്യന് വെളിപ്പെടുത്തുന്നത് ആസ്വാദനം മുഖേനയാണ്. ഇത് അത്ഭുതകരമാണ്.

വചനം ജഡമായിത്തീർന്നപ്പോൾ അവൻ “പാപജഡത്തിന്റെ സാദൃശ്യത്തിൽ ആയിരുന്നു”(റോമ.8:3). വേദപുസ്തകത്തിൽ“ജഡം”എന്ന പദം ഒരു നല്ല സംജ്ഞയല്ല. അത് വീണുപോയതും പാപകരവുമായ ഒന്നിനെ സൂചിപ്പിക്കുന്നു. റോമർ 7:18 പറയുന്നത് നമ്മുടെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നാണ്. ക്രിസ്തു ജഡമായി എന്നു വചനം പറയുമ്പോൾ അവൻ പാപകരമായ എന്തോ ആയിത്തീർന്നു എന്നാണോ അതിന്റെ അർത്ഥം? തീർച്ചയായും അല്ല. അവൻ ജഡമായത് “പാപജഡത്തിന്റെ സാദൃശ്യത്തിൽ”ആയിരുന്നു. മോശ കൊടിമരത്തിന്മേൽ ഉയർത്തിയ താമ്രസർപ്പം(സംഖ്യാ.21:49) പാപജഡത്തിന്റെ സാദൃശ്യത്തിലാക്കപ്പെടുന്ന ക്രിസ്തുവിന് ഒരു മുൻകുറിയായിരുന്നു. താമ്രസർപ്പം വിഷമുള്ള സർപ്പത്തിന്റെ രൂപത്തിലായിരുന്നു; എങ്കിലും അതിന് സർപ്പത്തിന്റെ വിഷപ്രകൃതം ഇല്ലായിരുന്നു. അതിന്റെ പ്രകൃതം ശുദ്ധവും നിർമ്മലവും നല്ലതുമായിരുന്നു. പകരമായിരിക്കുന്നതിനു

വേണ്ടി അത് സർപ്പത്തിന്റെ രൂപത്തിൽ നിർമ്മിക്കപ്പെട്ടു. യോഹന്നാൻ 3:14-ലേക്ക് വരുമ്പോൾ, നമുക്കിതിനെക്കുറിച്ച് കൂടുതൽ ചിന്തിക്കാം. ക്രിസ്തു ജഡമായപ്പോൾ, അവന് ജഡത്തിന്റെ പാപപ്രകൃതം ഇല്ലായിരുന്നു എന്നും പാപജഡത്തിന്റെ സാദൃശ്യം മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും തൽക്കാലം നാം മനസ്സിലാക്കിയാൽ ധാരാളം മതിയാകും. അവൻ ഇപ്രകാരം ജഡമായിത്തീർന്നതുമൂലം മനുഷ്യന് അവനെ സ്പർശിക്കുവാനും, അവനിൽ പങ്കു പറ്റുവാനും, അവനിലുള്ള ദൈവത്തിന്റെ നിറവ് ആസ്വദിക്കുവാനും കഴിഞ്ഞു. അവൻ ജഡമായപ്പോൾ അവൻ കാഴ്ചയിൽ മാത്രം പാപമായി, കാരണം ദൈവം അവനെ പാപം ആക്കി എന്ന് 2 കൊരിന്ത്യർ 5:21 പറയുന്നു. യഥാർത്ഥത്തിൽ അവന് പാപപ്രകൃതം അല്ല, പാപജഡത്തിന്റെ രൂപവും സാദൃശ്യവും മാത്രമേ ഉണ്ടായിരുന്നുള്ളു.

"അവൻ പാപം അറിഞ്ഞില്ല"എന്നും 2 കൊരിന്ത്യർ 5:21 നമ്മോട് പറയുന്നു. ഇത് വിശദീകരിക്കുവാൻ നമുക്ക് വാക്കുകളില്ല. അവൻ എല്ലാം അറിഞ്ഞിരിക്കെ കർത്താവായ യേശു, പാപത്തെ അറിഞ്ഞില്ല എന്ന് നമുക്കെങ്ങനെ പറയുവാൻ കഴിയും? അവൻ എല്ലാം അറിഞ്ഞിരുന്നതുകൊണ്ട് അവൻ പാപം സമഗ്രമായി അറിഞ്ഞിരുന്നു. എങ്കിലും അവൻ പാപം അറിഞ്ഞില്ല എന്ന് 2 കൊരിന്ത്യർ 5:21 പറയുന്നു. എന്താണ് ഇതിന്റെ അർത്ഥം? ഞാൻ മനസ്സിലാക്കിയതനുസരിച്ച് ഇതിനർത്ഥം, യേശുവിന് പാപം ഇല്ലായിരുന്നു എന്നും അവന് അതുമായി ഒരു ബന്ധവും ഉണ്ടായിരുന്നില്ല എന്നുമാണ്. അവന്റെ പ്രകൃതത്തിലും സാരാംശത്തിലും പാപം എന്നൊരു കാര്യം ഇല്ലായിരുന്നു. അവൻ പാപം ആക്കപ്പെട്ടു എങ്കിലും അവന്റെ ഉള്ളിൽ പാപപ്രകൃതം ഇല്ലായിരുന്നു. അവൻ പാപജഡത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും ആയിരുന്നു എന്നേ നമുക്ക് പറയുവാൻ കഴിയുകയുള്ളു.

## B. മനുഷ്യരുടെ ഇടയിൽ കൂടാരമടിക്കുവാൻ

അവൻ ജഡത്തിലായിരുന്നപ്പോൾ അവൻ മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ കൂടാരമായിരുന്നു. ജഡാവതാരത്തിലൂടെ വചനം, ദൈവത്തെ മനുഷ്യത്വത്തിലേക്ക് കൊണ്ടുവരുക മാത്രമല്ല, ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ നിവാസമാകുവാൻ ദൈവത്തിന്റെ കൂടാരമാകുകയും ചെയ്തു. പഴയനിയമ ചരിത്രം അനുസരിച്ച്, ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ ഒരു കൂടാരം ഉണ്ടായിരുന്നു. ആ കൂടാരത്തിൽ ദൈവം സന്നിഹിതനുമായിരുന്നു. ജഡത്തിൽ യേശു യഥാർത്ഥ കൂടാരമായിരുന്നു. പഴയനിയമ കൂടാരം ജഡത്തിലുള്ള ക്രിസ്തുതന്നെയായ, യഥാർത്ഥ കൂടാരത്തിന്റെ പ്രതീകവും നിഴലും മുൻകുറിയും ആയിരുന്നു. ദൈവം കൂടാരത്തിലായിരുന്നു; കാരണം കൂടാരമായിരുന്നു ദൈവത്തെ യിസ്രായേൽ മക്കളിലേക്ക് കൊണ്ടുവന്നത്. പുതിയനിയമകാലത്ത് ജഡത്തിലുള്ള യേശുവായിരുന്നു മനുഷ്യന് ദൈവസാന്നിദ്ധ്യം ആസ്വദിക്കുവാനായി ദൈവത്തെ മനുഷ്യന്റെ

അടുത്ത് കൊണ്ടുവന്നത്. അവൻ ജഡത്തിൽ മനുഷ്യരുടെ ഇടയിലെ ദൈവത്തിന്റെ കൂടാരമായിരുന്നപ്പോൾ ദൈവം അവനിൽ ദേഹരൂപമെടുത്തിരുന്നു(കൊലൊ.2:9). ദൈവമായിരിക്കുന്നതും ദൈവത്തിനുള്ളതുമെല്ലാം യേശുവിൽ ദേഹരൂപമെടുത്തിരുന്നു. എന്തിനുവേണ്ടി ദൈവം യേശുവിൽ ജഡത്തിൽ ദേഹരൂപമെടുത്തു? പാപിയായ മനുഷ്യൻ ക്രിസ്തുവിൽ ദൈവത്തിന് പങ്കാളി ആകുന്നതിനുവേണ്ടി, അതായത്, നമ്മുടെ ആസ്വാദനത്തിനുവേണ്ടി ദൈവം ക്രിസ്തുവിൽ ദേഹരൂപമെടുത്തു.

ക്രിസ്തു ജഡത്തിലായിരുന്നപ്പോൾ അവൻ ഭൂമിയിൽ ദൈവത്തിന്റെ നിവാസമായിരുന്നു. ഒരുദിവസം, അവൻ തന്റെ മൂന്ന് ശിഷ്യന്മാരോടൊപ്പം മലയിൽ ആയിരുന്നപ്പോൾ അവൻ അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു (മത്താ.17:2; 2 പത്രൊസ് 1:17–18). ഇതിനർത്ഥം അവനിൽ വസിച്ചിരുന്ന തേജസ്സിന്റെ ദൈവംതന്നെ കൂടാരത്തിൽനിന്ന് വെളിയിൽ വന്നു എന്നാണ്. അവന്റെ ജഡത്തിലും ജഡത്താലും മറഞ്ഞിരുന്ന മഹത്വത്തിന്റെ ദൈവം അവിടെ മലയിൽ വച്ച് വെളിപ്പെട്ടു. അതായിരുന്നു യേശുവിന്റെ കായാന്തരണം. ദൈവംതന്നെയായ മഹത്വം കൂടാരത്തിൽനിന്ന് പുറത്തു വന്നു. പുരാതനകാലത്തുപോലും യിസ്രായേൽ മക്കൾ കൂടാരത്തിൽ മറഞ്ഞിരുന്ന ശെക്കിന തേജസ്സ് കണ്ടു(പുറ.40:34). ഇതു തന്നെ മറുരൂപമലയിലും സംഭവിച്ചു. പെട്ടെന്ന്, അവൻ മൂന്ന് ശിഷ്യന്മാരുടെ മുമ്പാകെ നിൽക്കുമ്പോൾ യേശുവിന്റെ ഉള്ളിലെ ശെക്കിന തേജസ്സ് വെളിപ്പെട്ട് പത്രൊസിന്റെയും യാക്കോബിന്റെയും യോഹന്നാന്റെയും മേൽ പ്രകാശിച്ചു. അവർ അമ്പരന്ന് തത്സമയം തേജസ്സ് കാര്യമായി ആസ്വദിക്കുവാൻ കഴിയാതെയായി. അവർക്ക് ആ സമയത്ത് കുറച്ച് ആസ്വാദനം ലഭിച്ചിരിക്കാം. എങ്കിലും അവർ ആ സംഭവം ഓർത്തപ്പോൾ അത് എത്ര അത്ഭുതമായിരുന്നു എന്ന് ചിന്തിച്ചിരിക്കണം.

Wed

## C.കൃപയോടുകൂടെ

വചനമായ ക്രിസ്തു ജഡമായിത്തീർന്ന് നമ്മുടെ ഇടയിൽ കൂടാരമടിച്ചപ്പോൾ, അത് കൃപ നിറഞ്ഞതായിരുന്നു എന്ന് യോഹന്നാൻ നമ്മോട് പറയുന്നു. വേദപുസ്തകം കൃപയെന്ന് വിളിക്കുന്ന ഒന്ന് ക്രിസ്തുവനോടുകൂടെ ഉണ്ടായിരുന്നു. എന്താണ് കൃപ? അത് നിർവചിക്കുവാൻ ബുദ്ധിമുട്ടാണ്. നമ്മുടെ ആസ്വാദനത്തിനുവേണ്ടി താനായിരിക്കുന്ന സകലത്തോടുംകൂടെ നിറവായി ക്രിസ്തുവിലുള്ള ദൈവമാണ് കൃപ എന്ന് നമുക്ക് പറയാം. ഇതിൽ വിശ്രമം, ആശ്വാസം, ശക്തി, ബലം, വെളിച്ചം, ജീവൻ, നീതി, വിശുദ്ധി എന്നിവയും മറ്റെല്ലാ ദിവ്യസദ്ഗുണങ്ങളും ഉൾപെടുന്നു. ഇത് നമ്മുടെ ആസ്വാദനത്തിനുവേണ്ടിയുള്ള കൃപയാണ്. എല്ലാമായി ക്രിസ്തുവിൽ ദൈവത്തെ നമുക്ക് ആസ്വദിക്കാം. നാം ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരിക്കുമ്പോഴെല്ലാം, അവനായിരിക്കുന്നതിന്റെ എല്ലാ നിറവും നാം ആസ്വ

ദിക്കുന്നു. അതുകൊണ്ട്,“അവന്റെ നിറവിൽനിന്നും നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു”എന്ന് 16-ാം വാക്യം പറയുന്നു. ദൈവത്വത്തിന്റെ നിറവ്, അതായത്, ദൈവം ആയിരിക്കുന്നതെല്ലാം, നമ്മുടെ ആസ്വാദനത്തിനുവേണ്ടി ക്രിസ്തുവിൽ ദേഹരൂപമായി വസിക്കുന്നു.

നമ്മുടെ ആസ്വാദനമായി പുത്രനിലുള്ള ദൈവമാണ് കൃപ എന്നു നാം കണ്ടു. ഗലാത്യർ 2:20, 1 കൊരിന്ത്യർ 15:10-മായി താരതമ്യപ്പെടുത്തുമ്പോൾ, ക്രിസ്തുവിനെ കൃപയായി വ്യക്തമായി കാണാം. അതായത്, ഞാനല്ല ക്രിസ്തു എന്നതും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ എന്നതും. കൃപ എന്നത് ഭൗതിക വസ്തുക്കൾ ലഭിക്കുന്നതല്ല, ആത്മീയ കാര്യങ്ങൾ ലഭിക്കുന്നതുമല്ല, നമ്മുടെ ആസ്വാദനത്തിനായി ക്രിസ്തുവിലുള്ള ദൈവത്തെതന്നെ ലഭിക്കുന്നു എന്നതാണ്. ക്രിസ്തുവിനു പുറമേ, ദൈവത്തിന് പുറമേ ഏറ്റവും നല്ല കാര്യങ്ങൾപോലും അപ്പൊസ്തലന്റെ കണ്ണുകളിൽ യാതൊന്നുമായിരുന്നില്ല, മറിച്ച് അവ ഉച്ഛിഷ്ടം ആയിരുന്നു. അതിന് ഗ്രീക്കിൽ നായയുടെ ആഹാരം, പുരാതനകാലത്ത് നായ്ക്കൾക്കായി എറിഞ്ഞുകൊടുത്തിരുന്ന ഉച്ഛിഷ്ടം അഥവാ ചവറ് എന്നാണ് അർത്ഥം. ഒരുവൻ ക്രിസ്തുവിൽ ദൈവത്തെ അല്ലാതെ മറ്റെന്തെങ്കിലും അന്വേഷിക്കുന്നുവെങ്കിൽ അവൻ അന്വേഷിക്കുന്നത് ചവറാണ്. ക്രിസ്തുവിലുള്ള ദൈവം അല്ലാത്ത എല്ലാ കാര്യങ്ങളും അങ്ങനെയാണ്. ക്രിസ്തുവിലുള്ള ദൈവം നമുക്ക് കൃപയാണ്; ഈ കൃപ ദൈവത്തിന്റെ ജഡാവതാരത്താൽ വന്നു. കൃപ കേവലം നമ്മുടെ ഏകവും പൂർണ്ണവുമായ ആസ്വാദനമായി ക്രിസ്തുവിൽ നാം ആസ്വദിക്കുന്ന ദൈവമാണ്.

നാം ദൈവത്തെ ആസ്വദിക്കുകയും അവനിൽ പങ്കുപറ്റുകയും ചെയ്യുമ്പോൾ, അതാണ് കൃപ. നമ്മുടെ ആസ്വാദനത്തിനുവേണ്ടി പുത്രനിലുള്ള ദൈവമാണ് കൃപ എന്ന് ഞാൻ വീണ്ടും പറയുന്നു. ഉപദേശത്തിലുള്ള ദൈവമല്ല, നമ്മുടെ അനുഭവത്തിലുള്ള ദൈവമാണ് കൃപ. നിങ്ങൾ ദൈവത്തെ നിങ്ങളുടെ ബലം, ജീവൻ, ആശ്വാസം, വിശ്രമം, ശക്തി, നീതി, വിശുദ്ധി എന്നിവയായി അനുഭവിക്കുമ്പോൾ അതാണ് കൃപ. ക്രിസ്തു പിതാവായ ദൈവത്തെ ആസ്വാദനത്തിന്റെ മാർഗ്ഗത്തിൽ, ആസ്വാദനത്തിന്റെ ഒരു പങ്ക് നിത്യേന നമുക്കു നൽകിക്കൊണ്ട് പ്രസ്താവിക്കുന്നു.

നാം ദൈവത്തെ ആസ്വദിക്കുന്തോറും, അവനെ അറിയുന്നു. ഒരു പ്രത്യേക ആഹാരം അറിയുവാനുള്ള ഒരേയൊരു മാർഗ്ഗം അത് ഭുജിക്കുകയാണ്. ഒരു പ്രത്യേക ഭക്ഷണം വളരെ രുചികരമാണന്ന് നിങ്ങൾ എന്നോട് പറഞ്ഞാലും, ഞാൻ അത് രുചിച്ചു നോക്കാതെ എനിക്ക് അത് സ്വയം അറിയുവാൻ കഴിയുകയില്ല. ഞാൻ അത് ഭക്ഷിക്കുമ്പോൾ എനിക്ക് അതിലുള്ള ആസ്വാദനത്താൽ അത് എനിക്ക് വെളിപ്പെടുന്നു. ഇപ്പോൾ എനിക്ക് അത് അറിയാം, പക്ഷെ ഇപ്പോഴും എനിക്ക്

അത് നിങ്ങളോട് വിശദീകരിക്കുവാനാവില്ല. നിങ്ങൾക്ക് അത് അറിയണമെങ്കിൽ നിങ്ങളും അത് കഴിക്കണം. അതുകൊണ്ട്, നാം ദൈവത്തെ രുചിക്കുന്നതിനാൽ അവൻ നമുക്ക് വെളിപ്പെടുന്നു. നാം ദൈവത്തെ രുചിച്ച് അറിയണം. നമ്മുടെ കൃപയായി നാം ദൈവത്തെ ആസ്വദിക്കണം. കാരണം, ഈ മാർഗ്ഗത്തിലാണ് ക്രിസ്തു നമുക്ക് ദൈവത്തെ വെളിപ്പെടുത്തുന്നത്. ഇക്കാര്യം നമ്മുടെ ഭാഷണത്തിന് അതീതമാണ്. നമുക്ക് ആസ്വാദനമുണ്ട്, എന്നാൽ ആളുകളോട് ഇത് പറയുവാൻ ബുദ്ധിമുട്ടാണ്. നിങ്ങൾ ഒരു കേക്ക് രുചിച്ചു എന്നും"ഈ കേക്ക് രുചികരമാണ്"എന്ന് പറഞ്ഞുവെന്നും കരുതുക. ഇത് എപ്രകാരം രുചികരമായിരിക്കുന്നു എന്ന് ഞാൻ നിങ്ങളോട് ചോദിച്ചാൽ, നിങ്ങൾ ഇങ്ങനെ മറുപടി പറഞ്ഞേക്കാം."എനിക്ക് പറയുവാൻ കഴിയുകയില്ല. നിങ്ങൾ തന്നെ ഇത് രുചിച്ചു നോക്കണം."നാം ദൈവത്തെ രുചിച്ച് അറിയണം. ക്രിസ്തു, ദൈവകൃപയുടെ നിറവോടെ വന്നു. നാം അവന്റെ സാന്നിദ്ധ്യം ആസ്വദിച്ച് അവനോടൊത്ത് വസിക്കണം. ദൈവം എന്താണോ എന്നതിൽ പങ്കുപറ്റുവാൻ അപ്പോൾ നമുക്ക് കഴിയും. ഇങ്ങനെ ദൈവം നമുക്ക് വെളിപ്പെടുകയും നാം അവനെ മനസ്സിലാക്കുവാൻ ഇടയാകുകയും ചെയ്യുന്നു.

### D. യാഥാർത്ഥ്യത്തോടുകൂടെ

നാം ദൈവത്തെ ആസ്വദിക്കുമ്പോഴൊക്കെ നമുക്ക് കൃപ മാത്രമല്ല, യാഥാർത്ഥ്യവും ഉണ്ട്. നാം ദൈവത്തെ ആസ്വദിക്കുമ്പോൾ നമുക്ക് ആസ്വാദനമുണ്ട്. അതായത്, കൃപയുണ്ട്. നമുക്ക് ഈ ആസ്വാദനമുള്ളപ്പോൾ നാം ദൈവത്തിന്റെ യാഥാർത്ഥ്യം ഗ്രഹിക്കുന്നു. ദൈവത്തിന്റെ ജഡാവതാരവുമായി ബന്ധപ്പെട്ട അവസാനത്തെ വിഷയം യാഥാർത്ഥ്യമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ സത്യം എന്നതിന് വാസ്തവത്തിൽ യാഥാർത്ഥ്യം എന്നാണർത്ഥം. ഇതിനർത്ഥം ദൈവത്തെ സംബന്ധിച്ച ബോധ്യവും ദൈവത്തെസംബന്ധിച്ച യാഥാർത്ഥ്യവുമെന്നാണ്. എല്ലാം ഉച്ഛിഷ്ടം എന്ന് പുതിയനിയമത്തിൽ പൗലൊസ് പറഞ്ഞു(ഫിലി.3:8). ഒന്നും യാഥാർത്ഥ്യമല്ല; സകലവും മായ എന്ന് ശലോമോൻ പ്രഖ്യാപിച്ചു(സഭാ.പ്ര.1:2). ഒന്നും യാഥാർത്ഥ്യമല്ല; സകലവും മായ. അപ്പൊസ്തലന്റെ കണ്ണുകളിൽ എല്ലാം ഉച്ഛിഷ്ടം ആയിരുന്നു. ശലോമോൻ രാജാവിന്റെ കണ്ണുകളിൽ സകലവും മായയായിരുന്നു. ദൈവം മാത്രമാണ് യാഥാർത്ഥ്യം. നമുക്ക് ദൈവമുണ്ടെങ്കിൽ നമുക്ക് യാഥാർത്ഥ്യമുണ്ട്. നാം ദൈവത്തെ അനുഭവമാക്കുന്തോറും കൃപ ആസ്വദിക്കുകയും യാഥാർത്ഥ്യത്തെ മുഴുനായി ഗ്രഹിക്കുകയും ചെയ്യും.

പുത്രനിൽ നാം ആസ്വദിക്കുന്ന ദൈവമാണ് കൃപ; പുത്രനിൽ നാം അനുഭവിച്ചറിയുന്ന ദൈവമാണ് യാഥാർത്ഥ്യം. കൃപ ആസ്വാദനവും യാഥാർത്ഥ്യം അനുഭവവുമാണ്."ദൈവം വെളിച്ചമാണ്"എന്നു പറയുന്നത് അനുഭവജ്ഞാനമില്ലാത്ത വെറുമൊരു ഉപദേശമായിരിക്കാം. എന്നാൽ, നിങ്ങൾ ദൈവത്തിൽ പങ്കുപറ്റുമ്പോൾ, വെളിച്ചമായി

ദൈവത്തെ അനുഭവിക്കുമ്പോൾ, നിങ്ങൾക്ക് ദൈവത്തെ വെളിച്ചമായി അനുഭവിച്ചറിയാം. അതുപോലെ"ദൈവം ജീവനാണ്"എന്നു പറയുന്നത് വെറുമൊരു പദപ്രയോഗമാകാം. എന്നാൽ നിങ്ങളുടെ പങ്കായി ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ ദൈവം നിങ്ങൾക്ക് ജീവനാകുന്നു എന്ന ഗ്രാഹ്യം നിങ്ങൾക്ക് ഉണ്ട്. അതുകൊണ്ട് കൃപ, നിങ്ങൾ ആസ്വദിച്ച ദൈവവും, യാഥാർത്ഥ്യം, ആ ആസ്വാദനത്തിൽ നിങ്ങൾക്ക് ബോധ്യപ്പെട്ട ദൈവവുമാണ്.

കൃപയും യാഥാർത്ഥ്യവും യേശുവിനോടുകൂടെ വന്നു."ന്യായപ്രമാണം മോശ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു"എന്ന് 17-ാം വാക്യം പറയുന്നു. ന്യായപ്രമാണം, ദൈവം എന്താണോ അതനുസരിച്ചുള്ള അനുശാസനങ്ങൾ മനുഷ്യന്റെമേൽ വയ്ക്കുന്നു. എന്നാൽ, കൃപ, ദൈവത്തിന്റെ അനുശാസനങ്ങൾ നിറവേറ്റുവാൻ ദൈവം എന്താണോ അത് മനുഷ്യന് നൽകുന്നു. ന്യായപ്രമാണം ഏറിയാൽ ദൈവം എന്താണോ, അതിന്റെ ഒരു സാക്ഷ്യം മാത്രമാണ്(പുറ.25:21). എന്നാൽ, യാഥാർത്ഥ്യം ദൈവം എന്താണ് എന്നതിന്റെ അനുഭവജ്ഞാനമാണ്. ന്യായപ്രമാണത്തിലൂടെ ഒരു മനുഷ്യനും ദൈവത്തിൽ പങ്കുപറ്റുവാൻ കഴിയുകയില്ല. എന്നാൽ കൃപ മനുഷ്യനുള്ള ദൈവാസ്വാദനവും, യാഥാർത്ഥ്യം ദൈവത്തെ സംബന്ധിച്ച മനുഷ്യന്റെ അനുഭവജ്ഞാനവുമാണ്. തൽഫലമായി, കൃപ മനുഷ്യൻ ആസ്വദിക്കുന്നവനായ ദൈവവും, യാഥാർത്ഥ്യം മനുഷ്യൻ അനുഭവിച്ചറിയുന്നതായ ദൈവവും ആണ്. കൃപയും യാഥാർത്ഥ്യവും യേശുവിനൊപ്പം വന്നതിനാൽ, യേശു നമ്മോടൊപ്പമുള്ളപ്പോൾ, നമുക്ക് കൃപയും യാഥാർത്ഥ്യവും ഉണ്ട്. ഇത് വിശദീകരിക്കുവാൻ നമുക്ക് ഭാഷ മതിയാവുകയില്ലെങ്കിലും അനുഭവത്തിൽനിന്ന് നമുക്കിത് അറിയാം. പലപ്പോഴും നാം ദൈവത്തെ ക്രിസ്തുവിൽ നമ്മുടെ കൃപയായി ആസ്വദിച്ചിട്ടുണ്ട്; പലപ്പോഴും ക്രിസ്തുവിൽ ദൈവത്തെ സത്യമായും ജീവൻ, വെളിച്ചം, ആശ്വാസം, വിശ്രമം, ക്ഷമ, താഴ്മ തുടങ്ങിയ അനേക കാര്യങ്ങളായും അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഇതാണ് ദൈവത്തെ സംബന്ധിച്ച അനുഭവജ്ഞാനം.

നാം ദൈവത്തെ ക്രിസ്തുവിൽ കൃപയായി ആസ്വദിക്കുകയും അവനെ ക്രിസ്തുവിൽ യാഥാർത്ഥ്യമായി ഗ്രഹിക്കുകയും ചെയ്യുമ്പോൾ, ക്രിസ്തുവിന്റെ ഐശ്വര്യങ്ങൾ എത്ര അപ്രമേയമാണെന്ന് നാം കാണുന്നു. അവന്റെ നിറവിൽനിന്ന് നമുക്ക് കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു. ജഡാവതാരം ചെയ്ത ക്രിസ്തുവിൽ സമൃദ്ധമായ നിറവുണ്ട്, കാരണം ദൈവത്തിന്റെ നിറവ് അവനിൽ വസിക്കുന്നു (കൊലൊ.2:9). ക്രിസ്തുവിൽ ദൈവത്തിന്റെ ജഡാവതാരം വഴിയായി അവന്റെ ദിവ്യനിറവിൽനിന്ന് കൃപയുടെയും യാഥാർത്ഥ്യത്തിന്റെയും ഐശ്വര്യങ്ങൾ നമുക്ക് ലഭിക്കുവാൻ കഴിയും.

കൃപയ്ക്കും യാഥാർത്ഥ്യത്തിനും അതിരില്ല. എപ്പോഴും നിറവുണ്ട്. ക്രിസ്തുവിൽ ദൈവത്തെ അല്ലാതെ, നാം ആസ്വദിക്കുന്നതായ ഏതു കാര്യത്തിനും ഒരു പരിധിയുണ്ട്. എന്നാലും, കൃപയും യാഥാർത്ഥ്യവുമായി ക്രിസ്തുവിൽ ദൈവത്തെ നാം ആസ്വദിക്കുമ്പോൾ, പിരിധിയില്ല, നിറവു മാത്രമേയുള്ളുവെന്ന് നാം അറിയും. നിറവ് മാത്രം. ഈ നിറവ് പരിധിയില്ലാത്തതാണ്. ഈ നിറവ് ആസ്വദിക്കുന്തോറും അതെത്ര അതിരറ്റതെന്ന് നിങ്ങൾ മനസ്സിലാക്കും. കൃപ നിങ്ങളുടെ ആസ്വാദനത്താൽ ഒരിക്കലും തീർന്നു പോകുകയില്ല; യാഥാർത്ഥ്യം നിങ്ങളുടെ അനുഭവത്താൽ ഒരിക്കലും കുറഞ്ഞു പോകുകയുമില്ല. നിങ്ങൾ അനുഭവിക്കുന്തോറും അത് ഏറിവരും. അനുഭവമാക്കുവാനുള്ള നിങ്ങളുടെ കഴിവിനനുസരിച്ച് അത് വർദ്ധിക്കുന്നു. ദൈവത്തിന്റെ പൂർണ്ണതയെ സംബന്ധിച്ച നമ്മുടെ അളവ് തീരുമാനിക്കുന്നത് നമ്മുടെ പ്രാപ്തിയാണ്. നിങ്ങൾക്ക് ദൈവത്തിന്റെ നിറവ് എത്രമാത്രം ഉണ്ട്? നിങ്ങളുടെ ഉൾക്കോൾ എട്ട് ഔൺസ് കപ്പിനുള്ളതാണെങ്കിൽ നിങ്ങൾക്കുള്ള ദൈവത്തിന്റെ നിറവും എട്ട് ഔൺസ് ആയിരിക്കും. നിങ്ങളുടെ ഉൾക്കോൾ 800 ഗ്യാലനായി വികസിച്ചു എങ്കിൽ, ദൈവത്തിന്റെ നിറവ് അതിനെ വക്കോളം നിറയ്ക്കും. നിങ്ങളുടെ ഉൾക്കോൾ പസഫിക്ക് സമുദ്രത്തോളമാണ് എങ്കിൽ ദൈവത്തിന്റെ നിറവും നിങ്ങൾ അത്രത്തോളം അറിയും. എന്നാലും, പസഫിക്ക് സമുദ്രത്തിന്റെ പ്രാപ്തിപോലും വേണ്ടത്ര വലുതല്ല. നമുക്ക് നിതാന്ത സമുദ്രത്തിന്റെ പ്രാപ്തി ആവശ്യമാണ്. അങ്ങനെ നമ്മുടെ ഉൾക്കോൾ ആ നിലയിലേക്ക് വികസിച്ചാലും ദൈവം അതിനെ വക്കോളം നിറയ്ക്കും. ഇങ്ങനെ ക്രിസ്തുവിലുള്ള ദൈവത്തിന്റെ ആസ്വാദനം പരിധിയില്ലാത്തതാണ്. എത്രമാത്രം നാം അവന്റെ നിറവാസ്വദിക്കുന്നു എന്നത് നമ്മുടെ ഉൾക്കൊള്ളുവാനുള്ള കഴിവിനെ ആശ്രയിച്ചിരിക്കുന്നു.

## E. ദൈവത്തിന്റെ ഏകജാതനായ പുത്രനിൽ

ദൈവത്തെ സംബന്ധിച്ച ഈ വെളിപ്പാട് പൂർവ്വകാല നിത്യത മുതൽ പിതാവിന്റെ മടിയിൽ ഇരുന്നവനും, ജഡാവതാരത്തിനു ശേഷം ഇപ്പോഴും പിതാവിന്റെ മടിയിൽ ഇരിക്കുന്നവനുമായ, ദൈവത്തിന്റെ ഏകജാതനായ പുത്രനിലാണ്. അതുകൊണ്ട്,"ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു"എന്ന് 18-ാം വാക്യം പറയുന്നു. ഏകജാതനായ പുത്രൻ പിതാവായ ദൈവത്തോടൊപ്പം ആയിരുന്നു, അവൻ മുമ്പും ഇപ്പോഴും എപ്പോഴും പിതാവിന്റെ മടിയിൽ ഇരിക്കുന്നവനും ആണ്. 18-ാം വാക്യത്തിലെ വാക്കുകൾ വളരെ ലളിതമാണ്. എന്നാൽ അർത്ഥം അഗാധമാണ്. പിതാവിന്റെ മടി എന്താണന്ന് നിങ്ങൾക്ക് പറയുവാൻ കഴിയുമോ? എന്നെ തൃപ്തനാക്കുന്ന ഒരു നിർവചനവും ഞാൻ കേട്ടിട്ടില്ല. ഇത് അത്യന്തം ഗാഢവും

ആഴവും അഗാധവുമാണ്. ഇതിന്റെ അർത്ഥം എന്താണന്ന് എനിക്ക് പറയുവാൻ കഴിയുകയില്ല, കാരണം എനിക്ക് ഗ്രാഹ്യത്തിന്റെയും ഭാഷണത്തിന്റെയും കുറവുണ്ട്. എന്നിരുന്നാലും, ഈ പ്രിയപ്പെട്ട, പിതാവിന്റെ ഏകജാതൻ, പിതാവിനെ വെളിപ്പെടുത്തുവാൻ പിതാവിന്റെ മടിയിൽ തുടരുകയാണന്ന് നമുക്കറിയാം. അവൻ പിതാവിനെ വെളിപ്പെടുത്തുന്നതും നമ്മെ പിതാവിന്റെ ആസ്വാദനത്തിലേക്ക് കൊണ്ടുവരുന്നതും ഇങ്ങനെയാണ്.

ദൈവം ക്രിസ്തുവിൽ ആവിഷ്കരിക്കപ്പെടുന്നു; ക്രിസ്തുവിനോടുകൂടെ നമുക്ക് കൃപയും യാഥാർത്ഥ്യവും ഉണ്ട്. ഇങ്ങനെ, നാം ക്രിസ്തുവിലേക്ക് വരുമ്പോൾ നാം കൃപ ആസ്വദിക്കുകയും യാഥാർത്ഥ്യത്തിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. ക്രിസ്തു, ദൈവത്തിന്റെ ഏകജാതനായ പുത്രൻ എന്ന നിലയിൽ പിതാവായ ദൈവത്തിന്റെ മടിയിലാണ് എന്ന് 18-ാം വാക്യം പറയുന്നു. അതുകൊണ്ട്, നാം ക്രിസ്തുവിനെ ഗാഢമായി ആസ്വദിക്കുമ്പോൾ ഈ ഗാഢമായ ആസ്വാദനം നമ്മെ പിതാവായ ദൈവത്തിലേക്ക് കൊണ്ടുവരുന്നു. അതായത്, ക്രിസ്തുവിന്റെ ആസ്വാദനം നമ്മെ പിതാവിന്റെ മടിയിലേക്ക് കൊണ്ടുവരുന്നു. പിതാവിന്റെ പക്കൽ നമുക്ക് സ്നേഹവും വെളിച്ചവുമുണ്ട്. കൃപ സ്നേഹത്തിന്റെ ആവിഷ്കാരവും യാഥാർത്ഥ്യം വെളിച്ചത്തിന്റെ ആവിഷ്കാരവും ആകുന്നതുപോലെ ക്രിസ്തു ദൈവത്തിന്റെ ആവിഷ്കാരമാണ്. കൃപയും യാഥാർത്ഥ്യവുമായി നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, ഈ ആസ്വാദനം നമ്മെ പിതാവിന്റെ മടിയിലേക്ക് കൊണ്ടുവരുകയും അവിടെ നാം സ്നേഹവും വെളിച്ചവും ആസ്വദിക്കുകയും ചെയ്യുന്നു. സ്നേഹം കൃപയുടെ മറഞ്ഞിരിക്കുന്ന ഉറവിടവും, വെളിച്ചം യാഥാർത്ഥ്യത്തിന്റെ മറഞ്ഞിരിക്കുന്ന ഉറവിടവുമാണ്. ഇക്കാരണത്താലാണ് യോഹന്നാന്റെ സുവി ശേഷത്തിൽ നമുക്ക് കൃപയും യാഥാർത്ഥ്യവും, യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ നമുക്ക് സ്നേഹവും വെളിച്ചവും ഉള്ളത് (1 യോഹ.1:5;4:7-8). യോഹന്നാന്റെ സുവിശേഷം ദൈവത്തെ നമ്മിലേക്ക് കൊണ്ടുവരുകയും നാം അവനെ കൃപയും യാഥാർത്ഥ്യവുമായി ആസ്വദിക്കുകയും ചെയ്യുന്നു. യോഹന്നാന്റെ ഒന്നാം ലേഖനം നമ്മെ ദൈവത്തിങ്കലേക്ക് കൊണ്ടുവരുകയും നാം അവനെ സ്നേഹവും വെളിച്ചവുമായി ആസ്വദിക്കുകയും ചെയ്യുന്നു. നാം കൃപ മാത്രം ആസ്വദിച്ചാൽ, ആ ആസ്വാദനം വേണ്ടത്ര ആഴമുള്ളതല്ല. കൃപ നമ്മെ സ്നേഹത്തിലേക്ക് കൊണ്ടുവരുമ്പോൾ, നാം കൃപ ഒഴുകുന്ന ഉറവിടത്തിലെത്തുന്നു. നാം കൃപയെ പിന്തുടർന്ന് അതിന്റെ ഉറവിടത്തിലെത്തുമ്പോൾ കൃപ സ്നേഹമായിത്തീരുന്നു. അതുപോലെ, യാഥാ ർത്ഥ്യം ഒഴുകുന്ന ഉറവിടമാണ് വെളിച്ചം. യാഥാർത്ഥ്യത്തെ പിന്തുടർന്ന് അതിന്റെ ഉറവിടത്തിലെത്തുമ്പോൾ നിങ്ങൾ വെളിച്ചത്തിലെത്തും. കാരണം യാഥാർത്ഥ്യത്തിന്റെ ആഴമേറിയ അനുഭവമാണ് വെളിച്ചം.

## F. ദൈവത്തെ വെളിപ്പെടുത്തുവാൻ

വചനം ജഡാവതാരം ചെയ്തത് ദൈവത്തെ വെളിപ്പെടുത്തുന്നതിനും ദൈവത്തെ ആവിഷ്കരിക്കുന്നതിനും(എബ്രാ.1:13) ദൈവത്തെ വിശദീകരിക്കുന്നതിനും ദൈവത്തെ നിർവചിക്കുന്നതിനും ആയിരുന്നുവെന്ന് നാം കണ്ടു. പിതാവിന്റെ ഏകജാതനായ പുത്രൻ വചനം, ജീവൻ, വെളിച്ചം, കൃപ, യാഥാർത്ഥ്യം എന്നിവയാൽ ദൈവത്തെ വെളിപ്പെടുത്തി. ഈ അഞ്ചു കാര്യങ്ങളും ദൈവത്തിന്റെ ജഡാവതാരവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു നാം കണ്ടു. അവയെല്ലാം ദൈവത്തിൽതന്നെ അടിസ്ഥാനപ്പെട്ടും നിറവേറിയും ഇരിക്കുന്നു. വചനം ആവിഷ്കരിക്കപ്പെട്ട ദൈവവും ജീവൻ പകരപ്പെട്ട ദൈവവും വെളിച്ചം പ്രകാശിപ്പിക്കുന്ന ദൈവവും കൃപ ആസ്വദിക്കപ്പെടുന്ന ദൈവവും യാഥാർത്ഥ്യം ബോധ്യപ്പെടുത്തുന്ന ദൈവവുമാണ്. ഈ അഞ്ചു കാര്യങ്ങളിലൂടെ ദൈവം പുത്രനിൽ പൂർണ്ണമായി വെളിപ്പെട്ടു. അവയുടെയെല്ലാം സാരാംശം ദൈവംതന്നെയാണ്. ഈ കാര്യങ്ങളാലാണ് ദൈവം വെളിപ്പെടുന്നത്. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ലെങ്കിലും ദൈവപുത്രൻ വചനവും ജീവനും വെളിച്ചവും കൃപയും യാഥാർത്ഥ്യവുമായി അവനെ വെളിപ്പെടുത്തി. നാം വചനം സ്വീകരിക്കുകയും നമ്മുടെ ജീവനായി ദൈവം ഉണ്ടായിരിക്കുകയും ഈ ജീവന്റെ വെളിച്ചം നമ്മുടെ ഉള്ളിൽ പ്രകാശിക്കുവാൻ അനുവദിക്കുകയും, ദൈവത്തെ കൃപയായി ആസ്വദിക്കുകയും യാഥാർത്ഥ്യമായി അവനെ മനസ്സിലാക്കുകയും ചെയ്യുന്തോറും, ദൈവം നമുക്ക് വെളിപ്പെടുന്നു. ദൈവത്തെ വെളിപ്പെടുത്തുക എന്നാൽ ദൈവത്തെ ആവിഷ്കരിക്കുകയും വിശദീകരിക്കുകയും നിർവചിക്കുകയും ചെയ്യുക എന്നാണ്. ജീവൻ, വെളിച്ചം, കൃപ, യാഥാർത്ഥ്യം എന്നിവയോടുകൂടെയുള്ള വചനമായി ജഡാവതാരം ചെയ്ത് ക്രിസ്തു ദൈവത്തെ വെളിപ്പെടുത്തുകയും ആവിഷ്കരിക്കുകയും വിശദീകരിക്കുകയും നിർവചിക്കുകയും ചെയ്തു.

ഒന്നാം അദ്ധ്യായത്തിലെ ആദ്യത്തെ പതിനെട്ട് വാക്യങ്ങൾ ചില ലളിതമായ വാക്കുകളിൽ സംഗ്രഹിക്കാം: വചനം, ദൈവം, ജീവൻ, വെളിച്ചം, കൃപ, യാഥാർത്ഥ്യം. യോഹന്നാൻ 1:1–18 എങ്ങനെ വചനം മുഖാന്തരം എല്ലാം ഉളവായി എന്നും കൃപയും യാഥാർത്ഥ്യവും മനുഷ്യനിലേക്ക് കൊണ്ടുവരുവാൻ ദൈവംതന്നെയായ വചനം എങ്ങനെ ജഡമായി എന്നും നമ്മോട് പറയുന്നു. അവനിൽ ജീവനുണ്ടായിരുന്നു, അത് മനുഷ്യന് സ്വീകരിക്കുവാനായി മനുഷ്യന്റെ വെളിച്ചമായിരുന്നു. അവനെ ഇങ്ങനെ സ്വീകരിക്കുന്ന ഏവരും അവനാൽ ജനിക്കുകയും അവരുടെ ജീവനും വെളിച്ചവുമായി അവനെ പ്രാപിക്കുകയും ചെയ്യുന്നു. അപ്പോൾ അവർ കൃപയും യാഥാർത്ഥ്യവുമായി അവനിൽ പങ്കാളിയായി. ഇപ്രകാരം ദൈവം പുത്രനിൽ മനുഷ്യനു വെളിപ്പെട്ടു. വചനവും ജീവനും വെളിച്ചവും കൃപയും യാഥാർത്ഥ്യവുമായി ക്രിസ്തു നമുക്ക് ദൈവത്തെ ആവിഷ്കരിക്കുകയും വിശദീകരിക്കുകയും നിർവചിക്കുകയും ചെയ്തിരിക്കുന്നു.